# ഉപരാഷ്ട്രപതിയുടെ ഇറാൻ സന്ദർശനം (മേയ് 22, 2024)

മേയ് 21, 2024

ഹെലികോപ്റ്റർ അപകടത്തിൽ മരണപ്പെട്ട ഇറാൻ പ്രസിഡന്റ് ഡോ. സയിസ് ഇബ്രാഹിം റെയ്സിക്ക് ആദരാഞ്ജലി അർപ്പിക്കുന്നതിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ 2024 മേയ് 22-ന് ഇറാൻ സന്ദർശിക്കും. 2024 മേയ് 19-ന് ഉണ്ടായ അപകടത്തിൽ ഇറാൻ പ്രസിഡന്റി നു പുറമെ വിദേശകാര്യ മന്ത്രി ഹുസൈൻ ആമിർ-അബ്ദുള്ളഹിയാനും മറ്റ് ഇറാൻ ഉദ്യോഗസ്ഥരും മരണപ്പെട്ടിരുന്നു.

രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും ഇറാൻ സർക്കാരിനെയും ജനങ്ങളെയും തങ്ങളുടെ അനുശോചനം അറിയിച്ചു. ദാരുണമായ നഷ്ടത്തിൽ ഇന്ത്യയുടെ അനുശോചനം അറിയിക്കാൻ 2024 മേയ് 21-ന് വിദേശകാര്യ മന്ത്രി ന്യൂഡൽഹിയിലെ ഇറാൻ എംബസി സന്ദർശിച്ചിരുന്നു. 2024 മേയ് 21 ചൊവ്വാഴ്ച ഇന്ത്യ ഒരു ദിവസത്തെ ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

**ന്യൂഡൽഹി**
**മേയ് 21, 2024**